# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 372

11-06-2013-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഇതുവരെ എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; | (എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം 2003 ലെ വൈദ്യുതി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ രണ്ടു പ്രാവശ്യം അതായത് 2012 ജൂലൈ 1 മുതലും 2013 മെയ് 1 മുതലും വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുവാനും നിയന്ത്രണത്തിന് മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിയ്ക്കും 10 രൂപ നിരക്കിൽ ചാർജ്ജ് ഈടാക്കുവാനും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2012 ജൂൺ മുതൽ ഇതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ 2012 ഡിസംബർ 15 - ാം തീയതി മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് |

ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിയ്ക്കും അതാത് വിഭാഗത്തിനുള്ള എനർജി ചാർജ്ജ് നിലവിലെ നിരക്കിനു പുറമേ പെനാൽറ്റി ആയി ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണം 2013 ജൂൺ 1 മുതൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്

| | |
|---|---|
| (ബി) ആയതിന്റെ എല്ലാ വിശദാംശങ്ങളും, വർദ്ധിപ്പിച്ച തുക, പ്രാബല്യത്തിൽ വന്ന തീയതി എന്നിവ ഉൾപ്പെടെ വ്യക്തമാക്കുമോ ? | (ബി) 2012 ജൂലൈ 1 മുതലും 2013 മെയ് 1 മുതലും വർദ്ധിപ്പിച്ച വൈദ്യുതി ചാർജ്ജിൻറെ വിശദാംശങ്ങൾ അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്